പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 749 10/02/2016 ൽ മറുപടിക്ക്

പുതുതായി ആരംഭിച്ചിട്ടുള്ള ജനറൽ, താലൂക്ക് ആശുപത്രികൾ

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര ജനറൽ ആശുപത്രികൾ തുടങ്ങുന്നതിന് സാധിച്ചിട്ടുണ്ടെന്നും, അത് എവിടെല്ലാമാണെന്നും വെളിപ്പെടുത്തുമോ; | (എ) | പുതുതായി ജനറൽ ആശുപത്രികൾ ആരംഭിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. താലൂക്ക്/ജില്ലാ ആശുപത്രികളുടെ പദവി ഉയർത്തിയാണ് ജനറൽ ആശുപത്രിയാക്കുന്നത്. ജനറൽ ആശുപത്രിയായി പദവി ഉയർത്തിയ സ്ഥാപനങ്ങൾ ഇവയാണ്.<br><br>1) ജനറൽ ആശുപത്രി, നെയ്യാറ്റിൻകര.<br>2) ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി.<br>3) ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി.<br>4) ജനറൽ ആശുപത്രി, കോട്ടയം.<br>5) ജനറൽ ആശുപത്രി, ഇരിങ്ങാലക്കുട.<br>6) ജനറൽ ആശുപത്രി, തൃശ്ശൂർ. |
| (ബി) | കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത്. പുതുതായി എത്ര ജനറൽ, താലൂക്ക് ആശുപത്രികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ? | (ബി) | നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം താലൂക്കാശുപത്രികൾ പുതിയതായി ആരംഭിക്കുവാൻ കഴിയുന്നതല്ല. സബ് സെന്ററുകളും, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും മാത്രമേ പുതുതായി ആരംഭിക്കാൻ കഴിയുകയുള്ളൂ. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭൗതികസാഹചര്യങ്ങളുടെയും ജീവനക്കാരുടെയും ലഭ്യത പരിഗണിച്ചാണ് ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുന്നത്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ പദവി ഉയർത്തിയാണ് താലൂക്കാശുപത്രിയാക്കുന്നത്. നൂറിലധികം കിടക്കകളും അതിനാവശ്യമായ അടിസ്ഥാന സൗകര്യവുമുള്ള സാമൂഹ്യരോഗ്യകേന്ദ്രങ്ങളാണ് പദവി ഉയർത്തി താലൂക്കാശുപത്രിയാക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് അഞ്ച് സ്ഥാപനങ്ങളെ ജനറൽ ആശുപത്രികളായും 39 സ്ഥാപനങ്ങളെ താലൂക്ക് ആശുപത്രികളായും പദവി ഉയർത്തിയിട്ടുണ്ട്. ജനറൽ ആശുപത്രിയായി ഉയർത്തപ്പെട്ട സ്ഥാപനങ്ങൾ ചുവടെചേർക്കുന്നു.<br><br>1) അടൂർ ജനറൽ ആശുപത്രി 2) ആലപ്പുഴ ജനറൽ ആശുപത്രി 3) മൂവാറ്റുപുഴ ജനറൽ ആശുപത്രി 4) മഞ്ചേരി ജനറൽ ആശുപത്രി 5) കാസർഗോഡ് ജനറൽ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട സ്ഥാപങ്ങളുടെ പേര് വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ